അയ്യന്തോൾ
# ദേശം



# അയ്യന്തോൾ ശ്രീ കാർത്ത്യായനി ക്ഷേത്രം

കൊച്ചിൻ ദേവസ്വം ബോർഡ്

## തൃശൂർ പൂരം

2025

മെയ് 6.7

ചൊവ്വ.ബുധൻ

(1200 മേടം 23. 24)




ഭക്തജനങ്ങളെ,

പ്രസിദ്ധമായ തൃശൂർ പൂരം 2025 മെയ് 6, 7 (1200 മേടം 23, 24) ചൊവ്വ, ബുധൻ ദിവസങ്ങളിൽ പ്രൗഢ ഗംഭീരമായി ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം എല്ലാവരേയും അറിയിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ജനസഹസ്രങ്ങൾക്ക് കണ്ണിനും, കാതിനും മനസ്സിനും കുളിർമയേകി 36 മണിക്കൂർ നീണ്ടു നിൽക്കുന്ന മാസ്മരികമായ താള - മേള വാദ്യങ്ങളുടെ വിസ്മയങ്ങൾ തീർക്കുവാൻ കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനം പൂരാഘോഷത്തിന് വേണ്ടിയുള്ള ഒരുക്കങ്ങളിൽ മുഴുകിയിരിക്കുന്നു.

അയ്യന്തോൾ ശ്രീ കാർത്ത്യായനി ദേവീ ക്ഷേത്രത്തിൽ **ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പഴങ്ങാപ്പറമ്പ് കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 2025 ഏപ്രിൽ 30 ന് കൊടികയറി മെയ് 7 – ാം തിയ്യതി ബുധനാഴ്ച രാത്രി ഉത്രം വിളക്കാചാരത്തോടെ പൂരം ചടങ്ങുകൾ സമാപിക്കുന്നു.** ആചാരങ്ങളും അനുഷ്ഠാനങ്ങളും അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് പൂർവ്വാധികം ഭംഗിയോടെ നടത്തുന്നതിനുള്ള വിപുലമായ ഒരുക്കങ്ങൾ ക്ഷേത്ര ഉത്സവാഘോഷ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊച്ചിൻ ദേവസ്വം ബോർഡുമായി സഹകരിച്ച് തുടങ്ങിക്കഴിഞ്ഞു.

മുൻവർഷങ്ങളിലെ നിങ്ങളുടെ സഹായസഹകരണങ്ങൾ നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം ഈ വർഷത്തെ പൂരം കൂടുതൽ വർണ്ണശബളമാക്കുന്നതിന് നിങ്ങളോരോരുത്തരുടേയും നിർലോഭമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്ന് ഭക്ത്യാദരപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ കാർത്ത്യായനി ദേവിയുടെ അനുഗ്രഹം എല്ലാവർക്കും ഉണ്ടാകുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ക്ഷേത്ര ആഘോഷകമ്മിറ്റിക്കുവേണ്ടി


പ്രസിഡന്റ്
**രാമചന്ദ്രൻ ചങ്ങരത്ത്**
ഫോൺ : 9847036535

സെക്രട്ടറി
**കണ്ണൻ അയ്യന്തോൾ**
ഫോൺ : 9995876999

ദേവസ്വം ഓഫീസർ/ ട്രഷറർ
**എ. പി. രാജേഷ്**


അയ്യന്തോൾ
10 - 04 - 2025

**കൊടിയേറിയ ദിവസങ്ങളിൽ അഹസ്സ് വഴിപാട് പ്രധാനം**

## ആഘോഷപരിപാടികളുടെ വിശദവിവരങ്ങൾ

**2025 ഏപ്രിൽ 28 തിങ്കൾ** — **വൈകുന്നേരം – പ്രാസാദശുദ്ധി**

**2025 ഏപ്രിൽ 29 ചൊവ്വ** — **രാവിലെ – ബിംബശുദ്ധി**

**വൈകീട്ട് – ദ്രവ്യകലശപൂജ**


Please visit : thrissurpooramfestival.com





## 2025 ഏപ്രിൽ 30 ബുധൻ (മകീര്യം)– കൊടിയേറ്റം

രാവിലെ ദ്രവ്യകലശാഭിഷേകം, നവകം, ഉച്ചപൂജ
രാവിലെ ദ്രവ്യകലശത്തിനുശേഷം എഴുന്നള്ളിപ്പ്,
**മേളം** (ഇരിങ്ങാലക്കുട നീരജും (ഹരി) സംഘവും)
തുടർന്ന് ക്ഷേത്രകുളത്തിൽ ആറാട്ട്, കൊടിയേറ്റം, നവകം, ഉച്ചപൂജ, ശ്രീഭൂതബലി
തുടർന്നുള്ള എല്ലാ ദിവസങ്ങളിലും രാവിലെ ആറാട്ട്, ശ്രീഭൂതബലി, അഹസ്സ് എന്നിവയുണ്ടാകും

## 2025 മെയ് 01 വ്യാഴം (തിരുവാതിര)

ഉച്ചക്ക് 3 മണിക്ക് **ചെമ്പൂക്കാവ് ശ്രീകാർത്ത്യായനി ക്ഷേത്രത്തിലേക്ക് എഴുന്നള്ളിപ്പ്**
ന്യൂ ഗാർഡൻസ്, കോവിലകപറമ്പ് വഴി
വൈകീട്ട് പാട്ടുരായ്ക്കൽ, കുട്ടൻകുളങ്ങര, പൂങ്കുന്നം, ഉദയനഗർ വഴി തിരിച്ചെഴുന്നള്ളത്ത്



## 2025 മെയ് 02 വെള്ളി (പുണർതം)

വൈകീട്ട് 4 മണിക്ക് **പടിഞ്ഞാറ്റേടത്ത് ചേറമ്പറ്റ് മനയിലേക്ക് എഴുന്നള്ളിപ്പ്**
ശക്തിനഗർ, മാങ്ങോട്, പടിഞ്ഞാറ്റുമുറി, പഞ്ചിക്കൽ, മൈത്രി പാർക്ക്, കരാട്ട് റോഡ് വഴി.
രാത്രി 8.00 - ന് ക്ഷേത്രത്തിൽ **"വിളക്കെഴുന്നള്ളിപ്പ്"**

## 2025 മെയ് 03 ശനി (പൂയം)

ഉച്ചക്ക് 2 മണിക്ക് **പുറനാട്ടുകര ശ്രീ മഹാവിഷ്ണുക്ഷേത്രത്തിലേക്ക് എഴുന്നള്ളിപ്പ്**
ടെമ്പിൾ അവന്യൂ, വിജയനഗർ, ചേരുപറമ്പ്, തൃക്കാർത്തിക നഗർ (വടക്കുമുറി)
പന്നിക്കര മരുതൂർ റോഡ് (പി.എം. ലെയിൻ) പ്രിയദർശിനി നഗർ, പുഴയ്ക്കൽ വഴി



## 2025 മെയ് 04 ഞായർ (ആയില്യം)

രാവിലെ 10 മണിക്ക് **പുല്ലഴി അയ്ക്കാട്ട് മനയിലേക്ക് എഴുന്നള്ളിപ്പ്**
അയ്യന്തോൾ ഗവ. ഹൈസ്കൂൾ, ലോ കോളേജ് വഴി, ഒളരി, പുതൂർക്കര,
അയ്യന്തോൾ മെയിൻ റോഡ് കുറിഞ്ഞാക്കൽ വഴി തിരിച്ചെഴുന്നള്ളത്ത്

## 2025 മെയ് 05 തിങ്കൾ വ്യാഴം (മകം)

രാവിലെ 9 മണിക്ക് **കുടസമർപ്പണം** (ചമയസമർപ്പണം)
രാവിലെ 10 മണിക്ക് **അയ്യന്തോൾ കിഴക്കിനിയേടത്ത് മനയിലേക്ക് എഴുന്നള്ളിപ്പ്**
കാമത്ത് റോഡ്, കണ്ണത്ത് റോഡ് വഴി തിരിച്ചെഴുന്നള്ളത്ത്



2025 മെയ് 06 ചൊവ്വ

# തൃശൂർ പൂരം

വെളുപ്പിന് 3 മണിക്ക് ക്ഷേത്രകുളത്തിൽ ആറാട്ട്

6 മണിക്ക് പാണികൊട്ടി ദേവി സർവ്വാഭരണ വിഭൂഷിതയായി

3 ഗജവീരന്മാരുടെ അകമ്പടിയോടെ

ശ്രീ വടക്കുന്നാഥ സന്നിധിയിലേക്ക് എഴുന്നള്ളുന്നു

കോട്ടപ്പുറം മുതൽ നടുവിലാൽവരെ (ഏഴ് ആന)

**പഞ്ചവാദ്യം – തൃപ്രയാർ രമേശൻ മാരാരും സംഘവും**

നടുവിലാൽ മുതൽ ശ്രീമൂലസ്ഥാനം വരെ (പതിമൂന്ന് ആന)

**പാണ്ടിമേളം – പെരുവനം പ്രകാശൻ മാരാരും സംഘവും**

രാത്രി 8 മണിക്ക് **എഴുന്നള്ളിപ്പ്** (ശ്രീ വടക്കുന്നാഥ സന്നിധിയിലേക്ക് )



## 2025 മെയ് 07 ബുധൻ

രാവിലെ നടുവിൽ മഠത്തിൽ ആറാട്ട്

രാത്രി 8 ന് **ഉത്രം വിളക്ക്** എഴുന്നള്ളിപ്പ്

**പഞ്ചാരിമേളം – നെട്ടിശ്ശേരി രാജേഷ് മാരാരും സംഘവും**

**കൊടിയിറക്കം**

